## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3915 | 31-01-2014 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്കരണങ്ങൾ

**ചോദ്യം**

ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

**മറുപടി**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

എ) ഭാഗ്യക്കുറി സമ്മാനഘടനയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കാമോ ;

എ) 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളായ പൗർണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ മുഖവില 30/- രൂപയായി ഉയർത്തി, ഏഴ് പരമ്പരകളിലായി പരമാവധി 63 ലക്ഷം ടിക്കറ്റുകൾ വരെ അച്ചടിക്കത്തക്കവിധം സമ്മാനഘടന പരിഷ്ക്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ മേൽപറഞ്ഞ ഭാഗ്യക്കുറികൾക്ക് ഓരോന്നിനും ഏഴ് സീരിസിലായി 49 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിച്ച് 2014 ഫെബ്രുവരി മധ്യത്തോടെ വിപണിയിലിറക്കി 2014 മാർച്ച് മാസത്തെ നറുക്കെടുപ്പുകൾക്കായി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബി) ലോട്ടറി സമ്മാനങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് ഇത് മുഖേന വരുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

ബി) പൗർണമി, വിൻ വിൻ, അക്ഷയ, ഭാഗ്യനിധി എന്നീ ഭാഗ്യക്കുറികളുടെ ഒന്നാം സമ്മാനം 65 ലക്ഷം രൂപയായി ഏകീകരിച്ചു. കൂടാതെ 10,000/- രൂപയുടെ സമ്മാനം പുനഃസ്ഥാപിച്ചു.

സി) എന്ന് മുതലാണ് പ്രസ്തുത പരിഷ്ക്കരണങ്ങൾ നിലവിൽ വന്നിട്ടുള്ളത് : വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സി) 2014 മാർച്ച് ഒന്നിനു ശേഷമുള്ള നറുക്കെടുപ്പുകൾ മുതലാണ് പ്രസ്തുത പരിഷ്ക്കരണം നിലവിൽ വരുന്നത്. ഫെബ്രുവരി 17 ന് വില്പന ആരംഭിക്കുന്ന പൗർണമി ഭാഗ്യക്കുറിയുടെ 123- ാം നറുക്കെടുപ്പ് മുതലും, വിൻവിൻ ഭാഗ്യക്കുറിയുടെ 246- ാം നറുക്കെടുപ്പ് മുതലും, ഫെബ്രുവരി 19ന് വില്പന ആരംഭിക്കുന്ന അക്ഷയ ഭാഗ്യക്കുറിയുടെ 127- ാം നറുക്കെടുപ്പ് മുതലും, ഫെബ്രുവരി 21 ന് വില്പന ആരംഭിക്കുന്ന ഭാഗ്യനിധി ഭാഗ്യക്കുറിയുടെ 127- ാം നറുക്കെടുപ്പ് മുതലുമാണ് സമ്മാനഘടന സംബന്ധിച്ച പരിഷ്ക്കരണം പ്രാബല്യത്തിൽ വരുന്നത്.

സെക്ഷൻ ഓഫിസർ